പൊന്നേശു തമ്പുരാൻ
നല്ലൊരു രക്ഷകൻ
എന്നെ സ്നേഹിച്ചു
തൻ ജീവൻവച്ചു

1 സ്വർഗ്ഗ സിംഹാസനം താതന്റെ
മാർവ്വതും ദൂതന്മാർ
സേവയും വിട്ടെൻ പേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു
പാപിയെൻ ശാപം
ശിരസ്സതിലേറ്റീടുവാൻ

2 തള്ളയെപ്പോൽ നമുക്കുള്ളൊരു
രക്ഷകൻ കൊള്ളക്കാരൻ പോലെ
ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ
ചങ്കു തകരുന്നെൻ
കണ്ണു നിറയുന്നെൻ രക്ഷകനെ

3 എന്തൊരു സ്നേഹമീ സാധുവെ
ഓർത്തു നീ സന്താപസാഗരം
തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ
എടുത്തു-നിന്നോമനപൈതലായ്
തീർക്കേണമേ

4 പാപം പെരുകിയ സ്ഥാനത്തു
കൃപയും ഏറ്റം പെരുകിയ-
താശ്ചര്യമേ പാപിയിൽ പ്രധാനി
യായിരുന്ന ഞാനും സ്നേഹ-
ത്തിൻ പുത്രന്റെ രാജ്യത്തിലായ്

5 ഭൂലോകമായയിൽ മോഹം
പതിച്ചെന്റെ കാലം പാഴിൽ
കളഞ്ഞിടാതെന്നിൽ
സ്വർല്ലോക രാജ്യത്തിൽ
തങ്കക്കിരീടത്തിനുല്ലാസ-
മേകണേ പൊന്നേശുവേ

6 പാപം ചെയ്യാതെന്നെ കാവൽ
ചെയ്തീടുവാൻ സർവ്വേശനെ
കൈയ്യിലേല്പിക്കുന്നു
രാപ്പകൽ നീയെന്നെ വീഴ്ചയിൽ
നിന്നെന്റെ സ്വപ്നത്തിലും
കൂടെ കാക്കേണമേ

7 കർത്താവു വേഗത്തിൽ
മേഘങ്ങളിൽ-കോടി ദൂതന്മാ-
രാർപ്പുമായ് വന്നിടുമ്പോൾ
എന്നിൽക്കനിഞ്ഞെന്നെ
മാർവ്വോടണച്ചെന്റെ സങ്കടം
തീർക്കണം രക്ഷകനെ

Ponneshu thampuraan
Nalloru rakshakan
Enne snehichu
Than jeevanvachu

1 Swarga simhasanam thathante
Marvathum doothanmar
Sevayum vitten perkkai
Daasaneppolavan jeevichu
Paapiyen shapam
Shirassathiletteeduvaan

2 Thallayeppol namukkulloru
Rakshakan kollakkaaran pole
Kroosil thoongi
Ullamurukunnen
Chanku thakarunnen
Kannu nirayunnen rakshakane

3 Enthoru snehamee saadhuve
Orthu nee santhaapasagaram
Thannil veenu
Enne vilichchu nee enne
Eduthu-ninnomanapaithalai
Theerkkename

4 Paapam perukiya sthaanathu
Krupayum ettam perukiya-
Thascharyame papiyil pradhani
Yaayirunna njaanum sneha-
Thin puthrante raajyathilai

5 Bhoolokamaayayil moham
Pathichente kaalam paazhil
Kalanjidaathennil
Swarlloka raajyathil
Thankakkireedathinullaasa-
Mekane ponnesuve

6 Paapam cheyyaathenne kaaval
Cheytheeduvaan sarvvesane
Kaiyyilelpikkunnu
Rappakal neeyenne veezhchayil
Ninnente swapnathilum
Koode kaakkename

7 Karthaavu vegathil
Meghangalil-kotdi doothanma-
Raarppumai vannidumpol
Ennilkkaninjenne
Maarvvodanachente sankadam
Theerkkanam rakshakane